ഭവനനിർമ്മാണ പദ്ധതി (IGLHS), പുതിയ അംബേദ്കർ ഭവനനിർമ്മാണ പദ്ധതി (NHRHS) എന്നിവ പ്രകാരം കടിശ്ശികയായ മുതലും പലിശയും ഉൾപ്പെടെ 1233.66 ലക്ഷം രൂപ (മുതൽ 547.16 ലക്ഷം രൂപ, പലിശ 686.50 ലക്ഷം രൂപ) സ.ഉ.(സാധാ) നമ്പർ 74/14/പജപവവിവ തീയതി 16-10-2014 പ്രകാരം എഴുതിത്തള്ളി സർക്കാർ ഉത്തരവാകുകയും ടി തുക സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 30-3-2015-ലെ സ.ഉ.(പി) നമ്പർ 24/2015/പജപവവിവ. പ്രകാരം സർക്കാരിന്റെ മിഷൻ 676-ന്റെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ കാലാവധി കഴിഞ്ഞ് കടിശ്ശികയായിട്ടുള്ളതുമായ വായ്പകളുടെ ഒരു ലക്ഷം രൂപ വരെയുള്ള ബാധ്യത എഴുതിത്തള്ളുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യം നൽകൽ

326(2795) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് സ്വാശ്രയ കോളേജുകളിൽ പി.ജി. കോഴ്സിന് പഠിക്കാൻ വകുപ്പ് ഏതെങ്കിലും ഫീസിളവോ ധനസഹായമോ അനുവദിക്കുന്നുണ്ടോ;

(സി) സ്വന്തമായി വീടോ ഭൂമിയോ ഇവ രണ്ടും തന്നെയോ ഇല്ലാത്തവർക്ക് വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ, ആയതിനുള്ള മാനദണ്ഡം എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വാശ്രയ കോളേജുകളിൽ പി.ജി. കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ സംസ്ഥാന ഗവൺമെന്റിന്റെ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നില്ല. എന്നാൽ 2.5 ലക്ഷം രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള എസ്.സി. വിദ്യാർത്ഥികൾക്ക് 2014-15 വർഷം മുതൽ ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് (സംസ്ഥാനത്ത് പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും) അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. ഗ്രാമപ്രദേശങ്ങളിൽ പരമാവധി 5 സെന്റ് ഭൂമി വാങ്ങുന്നതിന് സെന്റൊന്നിന് 75000 രൂപ നിരക്കിൽ 3.5 ലക്ഷം രൂപയും മുനിസിപ്പാലിറ്റികളിൽ മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിന് 4.50 ലക്ഷം രൂപയും കോർപ്പറേഷനുകളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചുവരുന്നു. അപേക്ഷകർ പട്ടികജാതിയിൽപ്പെട്ടവരും കുടുംബമുള്ളവരും 50000 രൂപയിൽ താഴെ മാത്രം വാർഷിക കുടുംബവരുമാനമുള്ളവരും 55 വയസ്സിൽത്താഴെ പ്രായമുള്ളവരും സ്വന്തമായോ കുടുംബ ഓഹരിയായോ ഭൂമിയില്ലാത്തവരും ആയിരിക്കണം. അപേക്ഷകന്റെയോ ഭാര്യയുടെയോ പേരിൽ ഭൂമി ഇല്ലെങ്കിലും ഇരുവർക്കും പാരമ്പര്യമായി ഭൂമി ലഭിക്കാനില്ലെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കണം. ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റിൽ ഉൾപ്പെട്ടവരെയാണ് പരിഗണിക്കുന്നത്. ഇപ്രകാരം ലിസ്റ്റ് ലഭ്യമല്ലെങ്കിൽ പത്രപരസ്യം വഴി അപേക്ഷ ക്ഷണിക്കുന്നു. അതാത് ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. കൂടാതെ താമസയോഗ്യമായ വീടില്ലാത്തവരും സ്വന്തമായി ഭൂമിയുള്ളവരുമായ പട്ടികജാതി വിഭാഗക്കാർക്ക് വീട് പണിയുന്നതിന് 3 ലക്ഷം രൂപ ധനസഹായമായി നൽകുന്നു.

ഏഴരക്കുന്ന് കോളനി-സ്വയംപര്യാപ്ത ഗ്രാമം

327(2796) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ചേലക്കര പഞ്ചായത്തിൽപ്പെട്ട ഏഴരക്കുന്ന് കോളനി 2013-14 വർഷം സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമങ്ങളുടെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഇതേവരെ നടപടികൾ ആരംഭിച്ചിട്ടില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly